നം. DDDKER/15/2026-D3

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി:-09-06-2026

**<u>സർക്കുലർ നം. 34/2026</u>**

വിഷയം:- ക്ഷീര വികസന വകുപ്പ് – വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ ഫീസ് – പുതുതായി അനുവദിച്ച ലഭിച്ച ശീർഷകങ്ങളിൽ അടവാക്കുന്നതിനുള്ള നിർദ്ദേശം -സംബന്ധിച്ച്

സൂചന :-
1) 03.12.2025 തീയതിയിലെ 3306652/BW-F3/66/2025-FIN നം. ഫിനാൻസ് (ബഡ്ജറ്റ് വിംഗ് -എഫ്) വിഭാഗത്തിലെ കത്ത്
2) ജി. ഒ (ആർ റ്റി) നം. 5432/2025/ഫിൻ തീയതി 26.06.2025
3) ജി. ഒ (ആർ റ്റി) നം. 4780/2026/ഫിൻ തീയതി 04.06.2026
4) ഈ ഓഫീസിലെ 12.01.2026, 16.01.2026 എന്നീ തീയതികളിലെ ഇതേ നമ്പർ കത്തുകൾ

ക്ഷീര വികസന വകുപ്പിന്റെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ ഫീസ് വരവുകളുടെ ഹെഡ് ഓഫ് അക്കൗണ്ട് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം നാളിതു വരെ 0404-00-800-88 (Other items), 0404-800-86 (Other items) എന്നീ ശീർഷകങ്ങളിലാണ് അടച്ചു വന്നിരുന്നത്.

എന്നാൽ ക്ഷീര വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൻ കീഴിലുള്ള രജിസ്ട്രേഷൻ ഫീസ് ഇനം വരവുകൾ വേർതിരിച്ച് അറിയുന്നതിനും മറ്റുമായി സൂചന (1), (2), (3) പ്രകാരം ഫിനാൻസ് ബഡ്ജറ്റ് വിഭാഗം പുതിയ ശീർഷകങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ആയതിനാൽ 2026-27 സാമ്പത്തിക വർഷം മുതൽ ക്ഷീര വികസന വകുപ്പിന്റെ പദ്ധതികളുടെ വരവുകളും, സ്റ്റേറ്റ് ഡെയറി ലാബിന്റെയും റീജ്യണൽ ഡെയറി ലാബിന്റെയും പരിശോധനയും ട്രെയിനിംഗും സംബന്ധിച്ച വരവുകളും, ക്ഷീര പരിശീലന കേന്ദ്രങ്ങളുടെ ട്രെയിനിംഗുമായി ബന്ധപ്പെട്ട വരവുകളും, ക്ഷീര സംഘങ്ങളുമായി ബന്ധപ്പെട്ട വിവിധ വരവുകളും, സ്റ്റേറ്റ് ഫോഡർ ഫാമിലെ തീറ്റപ്പുൽ വില്പനയുമായി ബന്ധപ്പെട്ട വരവുകളും, ക്ഷീര വികസന വകുപ്പിന്റെ മേൽ പറഞ്ഞതിൽ നിന്നും വിഭിന്നമായ മറ്റ് വരവുകളും സൂചന (1), (2), (3) പ്രകാരം പുതിയ ശീർഷകങ്ങളിൽ താഴെ പറയുന്ന പ്രകാരം അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുന്നു.

| ITEM | NEW HOA FOR REMITTING REGISTRATION FEES |
|---|---|
| Reg. Fees - For schemes under **Production & Conservation of fodder in farmer fields and Dairy Co-operatives** | 0404-00-800-86-00 |
| Reg. Fees - For schemes under **Commercial Dairy Milk and Milk Shed Development Programme** | 0404-00-800-85-01 |
| Reg. Fees - For schemes under **Assistance to DCS, Investment in DCS and SQCL** | 0404-00-800-85-02 |
| Reg. Fees - From sample **analysis of RDL** | 0404-00-800-85-03 |
| Reg. Fees - **Registration of New DCS,**<br>**Bye-law amendment of Dairy Co-operatives & Arbitration cases pertaining of Dairy Co-operatives** | 0404-00-800-85-04 |
| Reg. Fees - Remittance of registration fees pertaining to **Dairy Training Centres (Training Programmes)** | 0404-00-800-85-05 |
| Receipts from **Analytical services of SDL** | 0404-00-800-84-01 |
| Receipts from **SDL Training** | 0404-00-800-84-02 |
| All other **miscellaneous receipts (other than registration fees)** pertaining to Dairy Development Department | 0404-00-800-88-00 |
| Receipt via **sale of green fodder** through State Fodder Farm, Valiyathura | 0404-00-800-90-00 |

0404-00-800-88-00 എന്ന ശീർഷകത്തിൽ രജിസ്ട്രേഷൻ ഫീസ്, പരിശീലന ഫീസ് എന്നിവയിൽ ഉൾപ്പെടുന്ന അടവുകൾ ഒന്നും തന്നെ ഉൾപ്പെടുത്തരുത് എന്ന് നിർദ്ദേശിച്ചു കൊള്ളുന്നു. ഈ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

കൂടാതെ സൂചന (4) പ്രകാരം ഈ ഓഫീസിൽ നിന്നും നൽകിയ കത്തുകളും ഇതിനാൽ റദ്ദ് ചെയ്യുന്നു.

**ഡയറക്ടർ**

Digitally signed by
SALINI GOPINATH
Date: 09-06-2026
15:17:20

**പകർപ്പ്:-**

1. ഡയറക്ടറുടെ മേശപ്പുറത്ത്
2. ജോയിന്റ്  ഡയറക്ടർ ( ജനറൽ/ പ്ലാനിംഗ്/ SDL)
3. ഫിനാൻസ് ഓഫീസർ, ക്ഷീരവികസന വകുപ്പ്
4. ഡെപ്യൂട്ടി ഡയറക്ടർ ( ജനറൽ/ പ്ലാനിംഗ്/ എക്സ്റ്റൻഷൻ/ IT & e-gov.)
5. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
6. എല്ലാ  ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പൾമാർക്കും
7. റീജ്യണൽ ഡെയറി ലാബ് ഹെഡ് – കാസർഗോഡ്, ആലത്തൂർ, കോട്ടയം
8. സ്റ്റേറ്റ് ഫോഡർ ഫാം ഹെഡ്
9. എല്ലാ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർക്കും (ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
10. എല്ലാ ക്ഷീര വികസന ഓഫീസർമാർക്കും (ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
11. ക്ഷീര വികസന ഓഫീസർ (ഐ റ്റി സെൽ) വെബ്  സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്
12. ബി 01/ബി 02/ഡി 01/ഡി 03 സീറ്റുകൾ
13. പ്രോജക്റ്റ് സെൽ
14. സഞ്ചയം
15. ശേഖര സഞ്ചയം